**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5082** **20-03-2025 - ൽ മറുപടിയ്ക്ക്**

**അഴീക്കോട് മണ്ഡലത്തിലെ പട്ടയ വിതരണം**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. കെ.വി.സുമേഷ്</td><td colspan="2">ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>അഴീക്കോട് മണ്ഡലത്തിലെ പട്ടയത്തിനുള്ള അപേക്ഷകളിൽ നിലവിൽ ഏതിലെങ്കിലും തീർപ്പ് കൽപ്പിക്കാനുണ്ടോ; വിശദമാക്കാമോ;</td><td>(എ)</td><td>അഴീക്കോട് മണ്ഡലത്തിലെ പട്ടയത്തിനുള്ള അപേക്ഷകളിൽ 96 എണ്ണം നടപടി പൂർത്തീകരിച്ച് തീർപ്പാക്കുവാനുണ്ട്. തീർപ്പാക്കാനുള്ള പട്ടയഅപേക്ഷകളുടെ വിവരം ചുവടെ ചേർക്കുന്നു.
<table>
<tr><td>വില്ലേജ്</td><td>തീർപ്പാക്കാനുള്ള പട്ടയഅപേക്ഷകളുടെ എണ്ണം</td></tr>
<tr><td>ചിറക്കൽ</td><td>47</td></tr>
<tr><td>അഴീക്കോട് നോർത്ത്</td><td>49</td></tr>
<tr><td>ആകെ</td><td>96</td></tr>
</table></td></tr>
<tr><td>(ബി)</td><td>പ്രസ്തുത മണ്ഡലത്തിൽ പട്ടയ വിതരണവുമായി ബന്ധപ്പെട്ട് എന്തെങ്കിലും ബുദ്ധിമുട്ടുകൾ നിലനിൽക്കുന്നുണ്ടോ; വിശദമാക്കാമോ?</td><td>(ബി)</td><td>അഴീക്കോട് മണ്ഡലത്തിൽ കടൽ പുറമ്പോക്കിൽ താമസിക്കുന്ന കുടുംബങ്ങൾ പട്ടയത്തിനായി സമർപ്പിച്ച അപേക്ഷകളിൽ സർവെ നടപടികൾ പൂർത്തീകരിക്കുവാനുണ്ട്. സർവെ ചെയ്യപ്പെടാത്തതും വില്ലേജ് എഫ്.എം. ബി.യിൽ ഉൾപ്പെടാത്തതുമായ ഭൂമിയായതിനാൽ സർവെ പൂർത്തീകരിച്ച് 1961ലെ കേരള സർവെ -അതിരടയാള ആക്ടിലെ സെക്ഷൻ 13 പ്രകാരമുള്ള അന്തിമ വിജ്ഞാപനത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.</td></tr>
</table>

സെക്ഷൻ ഓഫീസർ